# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1328 — 07.06.2018-ൽ മറുപടിക്ക്

## ഇ-സ്റ്റാമ്പിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് സംവിധാനം പൂർത്തിയാക്കിയിട്ടുണ്ടോ; ഇത് സമ്പൂർണ്ണമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | എ) 1960 ലെ കേരള മുദ്രപത്ര നിയമത്തിൽ ചട്ടഭേദഗതി വരുത്തി സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ മുദ്രവില ആവശ്യമായി വരുന്ന ഇടപാടുകൾക്ക് മുദ്രപത്രങ്ങൾ ഉപയോഗിക്കാവുന്നതും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗിക്കുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ഇ-സ്റ്റാമ്പിംഗ് സമ്പൂർണ്ണമായി നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| ബി) ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചതോടെ വ്യാജമുദ്ര പത്രങ്ങളുടെ നിർമ്മാണം പൂർണ്ണമായും തടയാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴും ഇത്തരം തട്ടിപ്പുകൾ തുടരുന്നതിന് കാരണമെന്താണെന്ന് അറിയിക്കുമോ; | ബി) ഇ-സ്റ്റാമ്പിംഗ് ആരംഭിച്ചതോടെ വ്യാജമുദ്ര പത്രങ്ങളുടെ നിർമ്മാണം/ഉപയോഗം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവത്കരിക്കുന്നതിന് മറ്റെന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | സി) വകുപ്പിനെ ആധുനീവത്കരിക്കുന്നതിന്റെ ഭാഗമായി വിവിധ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് ഓൺ ലൈനായി ബാദ്ധ്യത/ബാദ്ധ്യതരഹിത സർട്ടിഫിക്കറ്റ്, സർട്ടിഫൈഡ് കോപ്പിക്കുള്ള അപേക്ഷ, സ്പെഷ്യൽ മാരേജുകൾക്കുള്ള അപേക്ഷ/നോട്ടീസ്, ലിസ്റ്റ് സർട്ടിഫിക്കറ്റ്, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ തുടങ്ങിയവകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഇ-പേയ്മെന്റ്, ഇ-സ്റ്റാമ്പിംഗ് |

മുഖേന ഫീസും, മുദ്രയും ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഓഫീസിൽ വരാതെതന്നെ അപേക്ഷകർക്ക് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക യുണ്ടായി. കൂടാതെ വസ്തു വിൽക്കുന്നയാൾക്കോ/ വാങ്ങു ന്നയാൾക്കോ ഇടനിലക്കാരുടെ സഹായമില്ലാതെ സ്വയം ആധാരം തയാറാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുളിലെ റിക്കാർഡ് മുറികളുടെ ആധുനീകരണത്തിന്റെ ഭാഗമായി എട്ട് ഓഫീസുകളിൽ കോംപാക്ടേഴ്സ് സ്ഥാപിച്ചു. എ 3 സൈസിലുള്ള 500 പേജുകൾ ഉൾക്കൊള്ളുന്ന പതിനാ ലായിരത്തോളം രജിസ്റ്റർ വാല്യങ്ങൾ ബൈൻഡ് ചെയ്യുകയുണ്ടായി. 56 ഓഫീസുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ